3362
24/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ശ്രീചിത്രാ ഹോം, തിരുവനന്തപുരം 2014-15 വർഷത്തേക്കുള്ള ഗ്രാന്റിന്റെ അവശേഷിക്കുന്ന ഗഡു 22 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.163/2015/സാനീവ തീയതി, തിരുവനന്തപുരം, 23.03.2015

=====================================================================

പരാമർശം : 1. സ.ഉ (സാധാ) നം.746/2014/സാനീവ തീയതി 15.12.2014

2. ശ്രീചിത്രാ ഹോം സൂപ്രണ്ടിന്റെ 30.01.2015 ലെ SCH/180/14 നമ്പർ കത്ത്

<u>ഉത്തരവ്</u>

2014-15 ലെ ബഡ്ജറ്റിൽ ശ്രീചിത്രാ ഹോമിന് വകയിരുത്തിയിട്ടുള്ള 44 ലക്ഷം രൂപയിൽ നിന്ന് ആദ്യ ഗഡുവായി 22 ലക്ഷം രൂപ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം, അവശേഷിക്കുന്ന തുകയായ 22 ലക്ഷം രൂപ അനുവദിക്കണമെന്ന് ശ്രീചിത്രാ ഹോം സൂപ്രണ്ട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീചിത്രാ ഹോമിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 44 ലക്ഷം രൂപയിൽ നിന്ന് അവശേഷിക്കുന്ന 22 ലക്ഷം രൂപ (ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) അവസാന ഗഡുവായി "2235-02-104-99(NP)" ശീർഷകത്തിൽ നിന്ന് റിലീസ് ചെയ്യുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിമേലൊപ്പിട്ട ബിൽ മുഖാന്തരം ശ്രീചിത്രാ ഹോം സൂപ്രണ്ട് തുക മാറേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സൂപ്രണ്ട്, ശ്രീചിത്രാ ഹോം, പഴവങ്ങാടി, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (11.3.2015 ലെ 10649/WW2/15/Fin പ്രകാരം)
വെബ് & ന്യൂ മീഡിയ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ